ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 27.08.2025 TIME : 07.25 PM

## പ്രധാന വാർത്തകൾ

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജപ്പാൻ, ചൈന സന്ദർശനങ്ങൾക്ക് നാളെ തുടക്കം. 15-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പ്രധാനമന്ത്രി പങ്കെടുക്കും.
   **Prime Minister Narendra Modi's Japan and China visits begin tomorrow. The Prime Minister will participate in the 15th India-Japan Annual Summit**
2. വഴിയോര കച്ചവടക്കാർക്കായുള്ള പിഎം സ്വനിധി പദ്ധതി പരിഷ്കരിക്കാൻ കേന്ദ്രമന്ത്രിസഭാ തീരുമാനം
   **The Union Cabinet decides to revise the PM Swanidhi scheme for street vendors.**
3. സമാധാനത്തിന് ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും എന്നാൽ ആക്രമണത്തിനെതിരെ ശക്തമായി പ്രതികരിക്കുമെന്നും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്
   **Defence Minister Rajnath Singh says India is committed to peace but will respond strongly to aggression.**
4. ജമ്മു കശ്മീരിലെ കത്രയിൽ വൈഷ്ണോ ദേവി തീർത്ഥാടന പാതയിലുണ്ടായ കനത്ത മണ്ണിടിച്ചിലിൽ മരണം 30 കവിഞ്ഞു
   **Death toll in massive landslide on Vaishno Devi pilgrimage route in Katra, Jammu and Kashmir crosses 30.**
5. വ്യക്തിഗത വരുമാന വർദ്ധനവിലൂടെ രാജ്യത്തിൻറെ സമ്പദ് വ്യവസ്ഥയ്ക്ക് സംഭാവന നൽകാൻ ശ്രമിക്കണണമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ. ലോക് സംവർധൻ പർവ്വ് പരിപാടി കൊച്ചിയിൽ മന്ത്രി അഭിസംബോധന ചെയ്തു
   **Union Minister of State George Kurien says people should try to contribute to the country's economy by increasing personal income. The Minister addressed the Lok Samvardhan Parv program in Kochi.**

6. കേരളത്തിൽ ഭൂപതിവ് നിയമഭേദഗതിയിലെ ച ട്ടങ്ങൾക്ക് സംസ്ഥാന മന്ത്രിസഭയുടെ അംഗീകാരം. നിയമസഭാ സമ്മേളനം സെപ്റ്റംബർ 15 മുതൽ വിളി ച്ചു ചേർക്കാനും തീരുമാനം

**The State Cabinet approves the rules for the amendment of the Land Registry Act in Kerala. It has also been decided to convene the legislative session from September 15.**

## PM - CHINA JAPAN

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ജപ്പാൻ, ചൈന സന്ദർശനങ്ങൾക്ക് നാളെ തുടക്കം. ഈ മാസം 29, 30 തീയതികളിൽ ജപ്പാൻ സന്ദർശിക്കുന്ന പ്രധാനമന്ത്രി, 15-ാമത് ഇന്ത്യ-ജപ്പാൻ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കും. ഇരുരാജ്യങ്ങൾക്കുമിടയിലെ തന്ത്രപ്രധാന പങ്കാളിത്തത്തെക്കുറിച്ച് ഉച്ചകോടി ചർച്ച ചെയ്യും. തുടർന്ന് അദ്ദേഹം ചൈനയിലേക്ക് യാത്ര തിരിക്കും. ടിയാൻജിനിൽ നടക്കുന്ന, ഷാങ്ഹായ് സഹകരണ സംഘടനയുടെ 25-മത് നേതൃതല ഉച്ചകോടിയിൽ അദ്ദേഹം പങ്കെടുക്കും.

## CABINET - PM SVANIDHI (INTRO)

വഴിയോര കച്ചവടക്കാർക്കായുള്ള പിഎം സ്വനിധി പദ്ധതി പരിഷ്കരിക്കാൻ കേന്ദ്രമന്ത്രിസഭാ തീരുമാനം. വായ്പാ കാലയളവ് 2024 ഡിസംബർ 31-ന് ശേഷം നീട്ടുന്നതിനും കേന്ദ്ര മന്ത്രിസഭ അംഗീകാരം നൽകി. 2030 മാർച്ച് 31 വരെയാണ് കാലാവധി നീട്ടിയത്.

വിശദാംശങ്ങളിലേക്ക്....

(VOICE)

## VAISHNO DEVI SHRINE

ജമ്മു കശ്മീരിലെ കത്രയിൽ വൈഷ്ണോ ദേവി തീർത്ഥാടന പാതയിലുണ്ടായ കനത്ത മണ്ണിടിച്ചിലിൽ മരണം 30 കവിഞ്ഞു. കനത്ത മഴയെ തുടർന്ന്

ഇന്നലെയാണ് ഇവിടെ മണ്ണിടിച്ചിലുണ്ടായത്. സി.ആർ.പി.എഫിന്റെ നേതൃത്വത്തിൽ രക്ഷാപ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്. മേഖലയിൽ കുടുങ്ങിക്കിടക്കുന്ന തീർത്ഥാടകർക്ക് അവശ്യ സേവനങ്ങൾ എത്തിക്കുന്നുണ്ട്. ദുരന്തത്തിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ദു:ഖം രേഖപ്പെടുത്തി. കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ജമ്മുകശ്മീർ മുഖ്യമന്ത്രി ഒമർ അബ്ദുള്ളയുമായി സംസാരിച്ച് എല്ലാ സഹായങ്ങളും ഉറപ്പുനൽകി. അതിരൂക്ഷമായ മഴക്കെടുതികളാണ് ജമ്മു കശ്മീരിൽ അനുഭവപ്പെടുന്നത്.

✡✡✡✡✡✡✡✡✡✡✡✡✡✡

## AMITSHAH

ഓപ്പറേഷൻ സിന്ദൂറും ഓപ്പറേഷൻ മഹാദേവും ഭീകര പ്രവർത്തനങ്ങൾക്കുള്ള കൃത്യമായ മറുപടിയാണെന്ന് കേന്ദ്ര ആഭ്യന്തര മന്ത്രി അമിത്ഷാ. ഓപ്പറേഷൻ മഹാദേവ് വിജയകരമായി നടപ്പിലാക്കുകയും പഹൽഗാം ആക്രമണത്തിൽ ഉൾപ്പെട്ട ഭീകരരെ വധിക്കുകയും ചെയ്ത ഇന്ത്യൻ സൈന്യത്തിലെയും ജമ്മു കശ്മീർ പോലീസിലെയും സിആർപിഎഫിലെയും ധീരരായ ഉദ്യോഗസ്ഥരെ അമിത് ഷാ ഇന്ന് നേരിൽക്കണ്ട് ആദരിച്ചു. ഓപ്പറേഷൻ മഹാദേവിൽ കൊല്ലപ്പെട്ട ഭീകരർ തന്നെയാണ് പഹൽഗാമിൽ ക്രൂരത നടത്തിയതെന്ന് ദേശീയ ഫോറൻസിക് സയൻസ് ലബോറട്ടറി സാങ്കേതികമായി തെളിയിച്ചിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി.

✡✡✡✡✡✡✡✡✡✡✡✡✡✡

## JITENDRA SINGH - BIO E3

രാജ്യം ബയോ-ടെക്നോളജി മേഖലയിൽ നടത്തുന്ന നിക്ഷേപവും നവീകരണവും ഭാവിയിൽ വൻ നേട്ടങ്ങൾ കൊണ്ടുവരുമെന്ന് ശാസ്ത്ര സാങ്കേതിക മന്ത്രി ജിതേന്ദ്ര സിംഗ്. ഒരുകാലത്ത് അവഗണിക്കപ്പെട്ടിരുന്ന ബയോ-ടെക്നോളജിയെ യുവാക്കൾക്കിടയിൽ ഏറ്റവും ശ്രദ്ധേയമായ മേഖലകളിലൊന്നാക്കാൻ സർക്കാരിന്റെ ബയോ-ഇ3 നയത്തിലൂടെ കഴിഞ്ഞിട്ടുണ്ടെന്നും ശ്രീ സിംഗ് പറഞ്ഞു. 2030 ആകുമ്പോഴേക്കും സമ്പദ്‌വ്യവസ്ഥയിലേക്ക് 300 ബില്യൺ ഡോളർ കൂട്ടിച്ചേർക്കാൻ ബയോ-ടെക്നോളജിക്ക് കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

✡✡✡✡✡✡✡✡✡✡✡✡✡✡

## LOK SAMVARDHAN PARV

വ്യക്തിഗത വരുമാന വർദ്ധനവിലൂടെ രാജ്യത്തിൻറെ സമ്പദ് വ്യവസ്ഥയ്ക്ക് സംഭാവന നൽകാൻ ശ്രമിക്കണണമെന്ന് കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ. കൊച്ചിയിൽ നടന്ന അഞ്ചാമത് ലോക് സംവർധൻ പർവ്വ് പരിപാടിയെ കേന്ദ്ര സഹമന്ത്രി ജോർജ്ജ് കുര്യൻ അഭിസംബോധന ചെയ്തു. തലമുറകളായി കരകൗശല വിദഗ്ധരുടെ കുടുംബങ്ങളിൽ കൈമാറ്റം ചെയ്യപ്പെടുന്ന കഴിവുകൾ പ്രോത്സാഹിപ്പിക്കുക എന്നതാണ് ലോക് സംവർദ്ധൻ പർവിലൂടെ ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം പറഞ്ഞു. ന്യൂനപക്ഷ വിഭാഗത്തിലെ കരകൗശല വിദഗ്ധർ, സംരംഭകർ തുടങ്ങിയവർക്ക് ദേശീയ തലത്തിൽ അവസരങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രാലയമാണ് പരിപാടി സംഘടിപ്പിച്ചത്.

## GEORGE KURIAN - MOU

കേരളത്തിലെ ന്യൂനപക്ഷ സമുദായങ്ങളിൽ നിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി ഐ.സി.എ.ആർ- സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടുമായി, ന്യൂനപക്ഷകാര്യ മന്ത്രാലയം ധാരണാപത്രം ഒപ്പിടും. തിരുവനന്തപുരത്ത് നാളെ നടക്കുന്ന ചടങ്ങിന് കേന്ദ്രസഹമന്ത്രി ജോർജ്ജ് കുര്യൻ അധ്യക്ഷത വഹിക്കും. ധാരണാപത്രത്തിനു കീഴിൽ, പ്രധാനമന്ത്രി വിരാസത് കാ സംവർദ്ധൻ പദ്ധതി പ്രകാരം ഒരു നൈപുണ്യ പരിശീലനവും വനിതാ സംരംഭകത്വ വികസന പദ്ധതിയും നൽകും.

## KERALA CABINET

കേരളത്തിൽ മലയോര ജനത നേരിടുന്ന ഭൂപ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിൻറെ ഭാഗമായി ഭൂപതിവ് നിയമഭേദഗതിയിലെ ചട്ടങ്ങൾക്ക് സംസ്ഥാന മന്ത്രിസഭാ യോഗം അംഗീകാരം നൽകി. പതിച്ച് കിട്ടിയ ഭൂമിയിൽ ഇതുവരെ ഉണ്ടായിട്ടുള്ള വകമാറ്റിയുള്ള വിനിയോഗം ക്രമീകരിക്കുന്നതിനുള്ള ചട്ടവും, കൃഷിക്കും ഗൃഹനിർമാണത്തിനും മറ്റുമായി പതിച്ചു നൽകിയ ഭൂമി ജീവനോപാധി ലക്ഷ്യമാക്കിയുള്ള മറ്റ് വിനിയോഗത്തിന് അനുവദിക്കുന്നതിനുള്ള ചട്ടങ്ങൾക്കുമാണ് അംഗീകാരം

നൽകിയത്. 15ാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനം സെപ്റ്റംബർ 15 മുതൽ വിളിച്ചു ചേർക്കുന്നതിന് ഗവർണറോടു ശുപാർശ ചെയ്യാനും മന്ത്രിസഭ തീരുമാനിച്ചു.

✡✡✡✡✡✡✡✡✡✡✡✡✡✡

## NEW. RAJNATH DEFENCE

സമാധാനത്തിന് ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്നും എന്നാൽ ആക്രമണത്തിനെതിരെ ശക്തമായി പ്രതികരിക്കുമെന്നും രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. മധ്യപ്രദേശിലെ ആർമി വാർ കോളേജിൽ സംഘടിപ്പിച്ച 'റൺ സംവാദ്' സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ത്യ ഒരിക്കലും യുദ്ധം ആഗ്രഹിക്കുകയോ ആക്രമണത്തിന് തുടക്കമിടുകയോ ചെയ്തിട്ടില്ല. രാജ്യത്തിന്റെ പ്രതിരോധം അതിർത്തിയിലെ സൈനികർ മാത്രമല്ല, പുതിയ സാങ്കേതികവിദ്യ വികസിപ്പിക്കുന്ന ശാസ്ത്രജ്ഞരും, ആയുധ സംവിധാനം നിർമ്മിക്കുന്ന വ്യവസായികളും, അടുത്ത തലമുറയെ യുദ്ധത്തിന് സജ്ജരാക്കുന്നവരും കൂടിയാണ് കൈകാര്യം ചെയ്യുന്നതെന്ന് ശ്രീ സിംഗ് കൂട്ടിച്ചേർത്തു.

✡✡✡✡✡✡✡✡✡✡✡✡✡✡

## RAJNATH (INTRO)

ഇന്ത്യയ്ക്ക് മുന്നിൽ ഭീമമായ വെല്ലുവിളികളാണുള്ളതെങ്കിലും നമ്മുടെ സ്വാഭാവികമായ ശക്തി അതിലും വലുതാണെന്ന് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് പറഞ്ഞു...

(ഹോൾഡ് ബൈറ്റ്)

✡✡✡✡✡✡✡✡✡✡✡✡✡✡

## FOOTBALL : FIFA WARNING TO AIFF

അഖിലേന്ത്യാ ഫുട്ബോൾ ഫെഡറേഷന്, ഫിഫയുടെയും ഏഷ്യൻ ഫുട്ബോൾ കോൺഫെഡറേഷൻറെയും അന്ത്യശാസനം. ഒക്ടോബർ 30-നകം പുതിയ ഭരണഘടന രൂപീകരിക്കണമെന്ന നിർദേശം പാലിച്ചില്ലെങ്കിൽ ദേശീയ ഫുട്ബോൾ ടീമിനെയും ക്ലബ്ബുകളെയും അന്താരാഷ്ട്ര മത്സരങ്ങളിൽ

आकाशवाणी

നിന്നും വിലക്കും. 2036-ലെ അഹമ്മദാബാദ് ഒളിമ്പിക് ഗെയിംസിനുള്ള ഇന്ത്യയുടെ ശ്രമങ്ങളെയും ഇത് പ്രതികൂലമായി ബാധിക്കും.

## GLOBAL SPIRITUAL CONLAVE MP

മധ്യപ്രദേശിലെ ഉജ്ജയിനിൽ നടന്ന ആഗോള ആത്മീയ സമ്മേളനം, കേന്ദ്ര ടൂറിസം, സാംസ്കാരിക മന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത്ത് ഉദ്ഘാടനം ചെയ്തു. ആത്മീയ, വിനോദസഞ്ചാര മേഖലയ്ക്ക് പുതിയ ദിശാബോധം നൽകുന്നതിനായി ടൂറിസം മന്ത്രാലയവുമായി സഹകരിച്ച് മധ്യപ്രദേശ് ടൂറിസവും പിഎച്ച്ഡി ചേംബർ ഓഫ് കൊമേഴ്സ് ആൻഡ് ഇൻഡസ്ട്രിയും ചേർന്നാണ് കോൺക്ലേവ് സംഘടിപ്പിക്കുന്നത്. മുഖ്യമന്ത്രി ഡോ. മോഹൻ യാദവും ചടങ്ങിൽ പങ്കെടുത്തു.

## VICE PRESIDENT - ELECTION

സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള സമയം അവസാനിച്ചതോടെ ഉപരാഷ്ട്രപതി തിരഞ്ഞെടുപ്പിനുള്ള ചിത്രം തെളിഞ്ഞു. എൻ.ഡി.എ സ്ഥാനാർത്ഥിയായി സി പി രാധാകൃഷ്ണനും INDI സഖ്യ സ്ഥാനാർത്ഥിയായി ബി ആർ സുദർശൻ റെഡ്ഡിയുമാണ് മത്സര രംഗത്ത്. അടുത്ത മാസം 9 ന് പാർലമെൻറ് ഹൗസിൽ രാവിലെ 10 മുതൽ വൈകിട്ട് 5 വരെയാണ് വോട്ടെടുപ്പ്. തുടർന്ന് വോട്ടെണ്ണലിന് ശേഷം അന്നേ ദിവസം തന്നെ ഫലം പ്രഖ്യാപിക്കും.

## Workshop on ‘Capacity Building

നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, കേരളത്തിലെ സാമ്പത്തിക, സ്ഥിതിവിവരക്കണക്ക് ഡയറക്ടറേറ്റുമായി സഹകരിച്ച് മറ്റന്നാൾ കൊച്ചിയിൽ ഏകദിന ശില്പശാല സംഘടിപ്പിക്കും. "ഓഷ്യൻ അക്കൗണ്ട്സ് വികസനം സംബന്ധിച്ച് തീരദേശ സംസ്ഥാനങ്ങളുടെ കാര്യക്ഷമതാ വർദ്ധന" എന്ന വിഷയത്തിലാണ് ശില്പശാല. സ്വന്തമായി ഓഷ്യൻ അക്കൗണ്ടുകൾ സൃഷ്ടിക്കുന്നതിന് തീരദേശ സംസ്ഥാനങ്ങളെ പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടാണ് ശില്പശാല.

## DUBAI GOLDEN VISA

പുതുക്കിയ ഗോൾഡൻ വിസ പ്രോഗ്രാം, ഒമാൻ, ഈ മാസം 31 ന് പുറത്തിറക്കും. സമ്പദ്‌വ്യവസ്ഥയെ വൈവിധ്യവൽക്കരിക്കുന്നതിനും എണ്ണ വരുമാനത്തിലുള്ള ആശ്രയം കുറയ്ക്കുന്നതിനുമാണ് സംരംഭം ലക്ഷ്യമിടുന്നത് . വിദേശ നിക്ഷേപകർ, സംരംഭകർ, പ്രൊഫഷണലുകൾ എന്നിവർക്കുള്ള റെസിഡൻസി പെർമിറ്റുകളാണ് ഗോൾഡൻ വിസ വാഗ്ദാനം ചെയ്യുന്നത്. വ്യക്തികൾക്കും അവരുടെ കുടുംബത്തിനും പ്രാദേശിക സ്പോൺസറുടെ സഹായമില്ലാതെ, ഒമാനിൽ താമസിക്കാനും ജോലി ചെയ്യാനും പഠിക്കാനും പുതുക്കിയ വിസ അനുമതി നൽകും.

## AFGHANISTAN-ACCIDENT

അഫ്ഗാനിസ്ഥാനിലെ കാബൂളിനടുത്ത് യാത്രാ ബസ് മറിഞ്ഞ് 25 പേർ കൊല്ലപ്പെട്ടു. 27 പേർക്ക് പരിക്കേറ്റു. കാണ്ഡഹാറിനെ കാബൂളുമായി ബന്ധിപ്പിക്കുന്ന ഹൈവേയിലാണ് അപകടമുണ്ടായത്.

## RUSSIA-UKRAINE ATTACK

യുക്രെയ്നിലെ ആറ് പ്രദേശങ്ങളിലെ ഊർജ്ജ, വാതക ഗതാഗത അടിസ്ഥാന സൗകര്യങ്ങൾക്ക് നേരെ റഷ്യ ഒറ്റരാത്രികൊണ്ട് വൻ ഡ്രോൺ ആക്രമണം നടത്തിയതായി റിപ്പോർട്ട്. പോൾട്ടാവ മേഖലയിലെ പാചക വാതകം, ഗതാഗതം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾക്ക് റഷ്യൻ സൈന്യം കാര്യമായ നാശനഷ്ടങ്ങൾ വരുത്തുകയും സുമി മേഖലയിലെ ഒരു പ്രധാന സബ്സ്റ്റേഷനിലെ ഉപകരണങ്ങൾ തകർക്കുകയും ചെയ്തതായാണ് റിപ്പോർട്ട്.

## INDIA AFRICA BUSINESS CONCLAVE

ഇന്ത്യയും ആഫ്രിക്കയും തമ്മിലുള്ളത് ചരിത്രപരമായ ബന്ധമെന്ന് സിംബാബ്‌വെ വൈസ് പ്രസിഡൻറ് C .G .D .N ചിവെംഗ. ന്യൂഡൽഹിയിൽ നടന്ന സി.ഐ.ഐ ഇന്ത്യ-ആഫ്രിക്ക ബിസിനസ് കോൺക്ലേവിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ആഫ്രിക്കയുമായുള്ള സഹകരണം നൈപുണ്യ വികസനത്തിലും

തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും സഹായകരമാണെന്ന് കേന്ദ്ര വിദേശകാര്യ സഹമന്ത്രി കീർത്തി വർദ്ധൻ സിംഗ് അഭിപ്രായപ്പെട്ടു.

## CHEMBAI MUSIC FEST

ചെമ്പൈ സംഗീതോത്സവത്തിന് തുടക്കമായി. സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ സംസ്ഥാനതല ഉദ്ഘാടനം ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെ ജന്മഗ്രാമമായ പാലക്കാട് കോട്ടായി ചെമ്പൈ ഗ്രാമത്തിൽ ഈ മാസം 17 ന് നടന്നു. 6 കേന്ദ്രങ്ങളിലായാണ് ആഘോഷങ്ങൾ. തിരുവനന്തപുരത്ത് നടക്കുന്ന സുവർണ്ണ ജൂബിലി ആഘോഷം അടുത്ത മാസം 12 ന് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ ഉദ്ഘാടനം ചെയ്യും. ചടങ്ങിൽ മുതിർന്ന സംഗീതജ്ഞരെ ആദരിക്കും.

## RAJASTHAN DOGS

തെരുവ് നായ് പ്രശ്നം സംബന്ധിച്ച സുപ്രീം കോടതി ഉത്തരവുകൾ നടപ്പിലാക്കുന്നതിനായി രാജസ്ഥാൻ വിശദമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു. എല്ലാ വാർഡുകളിലും പ്രദേശങ്ങളിലും നായ്ക്കൾക്ക് ഭക്ഷണം നൽകാനുള്ള കേന്ദ്രങ്ങൾ അടയാളപ്പെടുത്തും. എല്ലാ നഗരങ്ങളിലും നായ്ക്കളുടെ വന്ധ്യംകരണം, പേവിഷബാധ വാക്സിനേഷൻ, വിരമരുന്ന് കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കാനും ഉത്തരവിൽ നിർദേശമുണ്ട്.